**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2279** **12.03.2020-ൽ മറുപടിയ്ക്ക്**

**പട്ടിക വിഭാഗക്കാരുടെ തനതുകലകളെ സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ തനതുകലകളെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | എ) | അന്യം നിന്നുകൊണ്ടിരിക്കുന്ന ഗോത്രവർഗ്ഗ പൈതൃകവും തനത് കലകളും സംരക്ഷിക്കുന്നതിനും പരമ്പരാഗത ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പുകളുടെയും, കിർത്താഡ്സിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഒരു വർഷത്തിൽ രണ്ട് സ്ഥലങ്ങളിലായി 'ഗദ്ദിക' എന്ന പേരിൽ ഉൽപ്പന്ന പ്രദർശന വിപണന മേള സംഘടിപ്പിക്കാറുണ്ട്. കൂടാതെ പട്ടികവിഭാഗക്കാരുടെ തനത് കലകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഗവേഷണ പഠനങ്ങൾ, സെമിനാറുകൾ, ശിൽപശാലകൾ, പരിശീലന പരിപാടികൾ, കലാമേളകൾ, പുസ്തക പ്രസിദ്ധീകരണങ്ങൾ എന്നിവ കിർത്താഡ്സ് നടത്തി വരുന്നു. |
| ബി) | പിന്നോക്ക വിഭാഗക്കാരുടെ തനതു കലകളെയും കലാകാരന്മാരെയും പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | ബി) | പിന്നോക്ക വിഭാഗക്കാരുടെ തനതു കലകളെയും കലാകാരന്മാരെയും പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികളൊന്നും നിലവിൽ നടപ്പിലാക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**